**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4881** **13-03-2023 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാംസ്കാരിക വകുപ്പ് മുഖേന ചങ്ങനാശ്ശേരി മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (എ) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന സൗജന്യ സാമൂഹ്യ കലാപരിശീലന പരിപാടിയായ വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൽ, ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ മാടപ്പള്ളി ബ്ലോക്ക്, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, പള്ളം ബ്ലോക്ക് എന്നി ക്ലസ്റ്ററുകളുടെ പരിധിയിലായി 8 കലാപരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി 8 കലാപരിശീലന കേന്ദ്രങ്ങളിലായി നിലവിൽ 8 കലാകാരന്മാർ വിവിധ കലാരൂപങ്ങളിൽ പരിശീലനം നൽകി വരുന്നു. കലാപരിശീലകർക്ക് സാംസ്കാരിക വകുപ്പ് പ്രതിമാസം 10,000/- രൂപാ വീതവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 7500/- രൂപാ വീതവും ഉൾപ്പെടെ 17,500/- രൂപ ഫെല്ലോഷിപ്പ് തുകയായി നൽകി വരുന്നു. പഠിതാക്കൾക്ക് വിവിധ വേദികളിൽ പാരമ്പര്യകലകൾ അവതരിപ്പിക്കുന്നതിന് പര്യാപ്തമാകുന്ന രീതിയിലാണ് വജ്രജൂബിലി പദ്ധതിയിൽ പരിശീലനം നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ